"ഭരണഭാഷ മാതൃഭാഷ"

UGC CELL 2/22139/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 07.03.2023

**<u>പരിപത്രം</u>**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ കാര്യാലയം , തിരുവനന്തപുരം, - യുജിസി വിഭാഗം - സർക്കാർ കോളേജുകൾ - പ്രൊഫസർ പ്ലേസ്മെന്റ് - സെലെക്ഷൻ കമ്മിറ്റി അംഗീകരിച്ച അന്തിമ പട്ടിക പിൻവലിക്കുന്നത് സംബന്ധിച്ച് :

സൂചന :- 1. ജി.ഒ.(പി ) നം. 9/ 2021/ ഉ.വി.വ. തീയതി 20.02.2021
2. 12.07.2021 , 18.08.2021, 08.01.2021, 29.09.2021, 30.09.2021 എന്നീ തീയതികളിലെ യു.ജി.സി. സെൽ 2/ 22139/ 2021 നമ്പർ പരിപത്രം
3. 12.03.2022 തീയതിയിലെ യു.ജി.സി. സെൽ 2/ 22139/ 2021 നമ്പർ ഉത്തരവ് .
4. 25.03.2022 , 10.10.2022 തീയതികളിലെ സെലെക്ഷൻ കമ്മിറ്റി മീറ്റിങ് മിനിട്സ് .
5. 10.02.2023 തീയതിയിലെ യു.ജി.സി. സെൽ 2/ 22139/ 2021 നമ്പർ പരിപത്രം.

*********

സൂചന (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിന് കീഴിലുള്ള വിവിധ കോളേജുകളിലെ പ്രൊഫസർ പ്ലേസ്മെന്റ് യു.ജി.സി. റെഗുലേഷൻ 2018 മാനദണ്ഡ പ്രകാരം നടത്തുന്നതിലേക്കായി സെലെക്ഷൻ കമ്മിറ്റി 14.03.2022 മുതൽ 18.03.2022 വരെയും 23.03.2022 മുതൽ 25.03.2022 വരെയും പ്രൊപ്പോസലുകൾ പരിശോധിക്കുകയും ഇന്റെർവ്യൂ നടത്തുകയും ചെയ്തിരുന്നു.

പ്രൊഫസർ പ്ലേസ്മെന്റുമായി ബന്ധപ്പെട്ട് ഡോ. നെസ്സി ഇ.എ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 32/ 2023 കേസ് 13.02.2023 ൽ പരിഗണിക്കുന്നതായും പ്രൊഫസർ പ്ലേസ്മെന്റിന്റെ ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കണമെന്ന് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചതായും ഗവ. പ്ലീഡർ അറിയിച്ചിരുന്നു. ഇതിനെ തുടർന്ന് സൂചന (5) പ്രകാരം ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം അധ്യാപകരിൽ നിന്നും ധാരാളം പരാതികൾ ലഭ്യമായിട്ടുണ്ട്. ലഭ്യമായ പരാതികളുടെ പ്രാഥമിക പരിശോധനയിൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ ചില ന്യൂനതകൾ കടന്നുകൂടിയതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. മേൽസാഹചര്യത്തിൽ പരാതികളുടെ വിശദമായ സൂക്ഷ്മപരിശോധനക്കായി സൂചന (5) പ്രകാരം പുറത്തിറക്കിയ ലിസ്റ്റ് ഉടൻ പ്രാബല്യത്തിൽ പിൻവലിക്കുന്നു.

Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 07.03.2023
Reason: Approved

*ഒപ്പ്/-*
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ